# NEWAGE

**VinMax Biotech begins operations at KINFRA Campus**

**Date :** 30.8.2025 **| Edition : All Kerala | Page :** 8 **| Clip size (cm) : W:** 13 **H:** 8

---

# വിൻമാക്സ് ബയോടെക് കിൻഫ്ര ക്യാംപസിൽ

തിരുവനന്തപുരം: ജൈവസാങ്കേതിക മേഖലയിലെ ബ്രിക്-ആർജിസിബി യുടെ നൂതന ഗവേഷണ ഫലങ്ങൾ ആരോഗ്യ സംരംക്ഷണ ഉത്പന്നങ്ങളായി വികസിപ്പിക്കുന്ന സ്റ്റാർട്ടപ്പായ വിൻമാക്സ് ബയോടെക് പ്രൈവറ്റ് ലിമിറ്റഡ് കിൻഫ്ര ക്യാംപസിൽ പ്രവർത്തനമാരംഭിച്ചു. മുറിവുകൾക്കും ടിഷ്യു എഞ്ചിനീയറിംഗിനുമുള്ള നൂതന വസ്തുക്കളുടെ വികസനം, പ്രമേഹ-പൊള്ളൽ മുറിവുകൾക്കായി പ്രത്യേകം രൂപകൽപന ചെയ്ത ഓയിന്റ്മെന്റുകളുടേയും സ്പ്രേകളുടേയും ഉത്പ്പാദനം തുടങ്ങിയവ കേന്ദ്രീകരിച്ചാണ് വിൻമാക്സ് ബയോടെക് പ്രവർത്തിക്കുക. നൂതന ഓർഗനോയിഡ് അധിഷ്ഠിത മരുന്നുകളുടെ വികസനവും സ്റ്റാർട്ടപ് ലക്ഷ്യമിടുന്നു.

ബ്രിക്-ആർജിസിബി ശാസ്ത്രജ്ഞൻ ഡോ. ജിഎസ് വിനോദ്കുമാറിന്റെ നേതൃത്വത്തിലാണ് വിൻമാക്സ് ബയോടെക് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്. സ്റ്റാർട്ടപ്പിന്റെ പ്രവർത്തനോദ്ഘാടനം ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ നിർവഹിച്ചു. ബയോടെക് വ്യവസായത്തിൽ വലിയ മാറ്റം കൊണ്ടുവരാൻ സഹായകമായ ബ്രിക്-ആർജിസിബി യുടെ നവീകരണ പ്രവർത്തനങ്ങളിലെ നാഴികക്കല്ലാണ് വിൻമാക്സ് ബയോടെക് പ്രൈവറ്റ് ലിമിറ്റഡ്. ആർജിസിബി യിലെ ശാസ്ത്രജ്ഞരുടെ സംരംഭകത്വവും അത്യാധുനിക ഗവേഷണ ഫലങ്ങളുടെ വാണിജ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബ്രിക്-ആർജിസിബി യുടെ അചഞ്ചലമായ പ്രതിബദ്ധതയുടെ തെളിവാണ് വിൻമാക്സ് ബയോടെക് സ്റ്റാർട്ടപ്പെന്ന് പ്രൊഫ. ചന്ദ്രഭാസ് നാരായണ പറഞ്ഞു.